**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1974.** 04.11.2019 ൽ മറുപടിക്ക്

# കെ-ഫോൺ പദ്ധതി

**ചോദ്യം** **മറുപടി**

| | | | |
|---|---|---|---|
| **ശ്രീ.വി.ടി.ബൽറാം :** | | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും, സൗജന്യ ഇന്റർനെറ്റ് സൗകര്യം ഒരുക്കുന്ന കെ-ഫോൺ പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ ഓഫീസുകൾ സ്കൂളുകൾ എന്നിവ കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാനുദ്ദേശിക്കുന്ന കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിന് മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ സിസ്റ്റം ഇന്റഗ്രേറ്റർ ആയി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സ്വകാര്യ സേവനദാതാക്കൾക്കും കെ-ഫോൺ നെറ്റ്‌വർക്ക് ഉപയോഗിച്ച് അവരുടെ സേവനം നൽകുന്നതിന് തീരുമാനമുണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിന് അടിസ്ഥാന കേബിൾ ശൃംഖല പൂർണ്ണമായി സ്ഥാപിച്ചു കഴിഞ്ഞതിനുശേഷം സ്വകാര്യ സേവന ദാതാക്കൾക്കും കെ-ഫോൺ നെറ്റ്‌വർക്ക് ഉപയോഗിച്ച് സേവനം നൽകുന്നതിനുള്ള സാധ്യതയും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടോ; ആരൊക്കെയാണ് പ്രസ്തുത കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ റെയിൽടെൽ, എൽ.എസ്. കേബിൾ, ശോഭാ റിനൈസെൻസ് ഇൻഫർമേഷൻ ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് (എസ്.ആർ.ഐ.റ്റി) എന്നീ കമ്പനികൾ ഉൾപ്പെടുന്ന കൺസോർഷ്യത്തിനെയാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സിസ്റ്റം ഇന്റഗ്രേറ്റർ ആയി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ഡി) | ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; കിഫ്ബിയിൽ നിന്നും ഇതിനായി എന്ത് തുകയാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന സർക്കാരിന്റെ ഇ-പ്രൊക്യുർമെന്റ് പ്ലാറ്റ്ഫോമിലൂടെ മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ വഴി ഏറ്റവും കുറഞ്ഞ തുകയായ 1531.68 കോടി (നികുതികൾ പുറമെ) രേഖപ്പെടുത്തിയ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ കൺസോർഷ്യത്തിനാണ് കരാർ നൽകിയിട്ടുള്ളത്. 1061.73 കോടി രൂപയാണ് കിഫ്ബി ധനസഹായമായി ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ